DESPATCHED
On...05/06/2020



28/02/2020

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2332588, ഫാക്സ്: 0471 2561603
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.2610(4)/2014/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.15997/എസ്.ഐ.സി–ജി 2/2014)**

സന്നിഹിതൻ
ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. അരുൺലാൽ എം.എസ്,
ലാൽ ഭവൻ, ബീച്ച് റോഡ്,
കോവളം പി.ഒ, തിരുവനന്തപുരം. — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സൂപ്രണ്ട്,
തിരുവനന്തപുരം നഗരസഭ,
സോണൽ ഓഫീസ്,
വിഴിഞ്ഞം
2. അപ്പീൽ അധികാരി & സെക്രട്ടറി,
കോർപ്പറേഷൻ ഓഫീസ്,
തിരുവനന്തപുരം. — എതിർകക്ഷികൾ

## ഉത്തരവ്

2014 ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച അപ്പീൽ ഹർജിയാണ് ഇത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾക്കും രേഖകൾക്കും ആറു വർഷത്തോളം പഴക്കമുണ്ട്. ഈ അപ്പീൽ ഹർജിയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (എസ്.പി.ഐ.ഒ) കമ്മീഷനിൽ

സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ഹർജിക്കാരൻ ആവശ്യപ്പെട്ടവയിൽ ലഭ്യമായ വിവരങ്ങൾ മുഴുവൻ നൽകിയിട്ടുണ്ടെന്നാണ്.

2. എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഹർജിക്കാരന്റെ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 30.01.2020 ന് നടത്തിയ ഹിയറിങ്ങിൽ ഹാജരാകുവാൻ ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും, ടിയാൻ ഹാജരാവുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല. അതിനാൽ എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തുകൊണ്ട് ഈ അപ്പീൽ ഹർജി തീർപ്പാക്കുന്നു.

3. എസ്.പി.ഐ.ഒ. യുടെ റിപ്പോർട്ട് വിശ്വാസത്തിൽ എടുത്തിരിക്കുന്നതിനാൽ, അതിൽ പറഞ്ഞ പ്രകാരം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാനു ലഭ്യമായി എന്നുറപ്പാക്കേണ്ട ബാധ്യത ഇപ്പോഴത്തെ എസ്.പി.ഐ.ഒ. യുടേതാണ്.

4. എസ്.പി.ഐ.ഒ യുടെ റിപ്പോർട്ടിൽ പറഞ്ഞപ്രകാരം ഹർജിക്കാരന് വിവരങ്ങൾ ലഭ്യമായിട്ടില്ലെങ്കിലും, പ്രസ്തുത വിവരങ്ങളിൽ ടിയാന് ഇപ്പോഴും താത്പര്യമുണ്ടെങ്കിലും ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം ഒരു പരാതി ഹർജിയുമായി ഹർജിക്കാരന് കമ്മീഷനെ നേരിട്ട് സമീപിക്കാവുന്നതാണ്.

5. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം, 28.02.2020 ന് തീർപ്പാക്കുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

**re**